പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## ഏഴാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014) യുടെ ഏഴാമത് റിപ്പോർട്ടിലെ (കയർ വ്യവസായം സംബന്ധിച്ച പഠനം) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

(2017 ആഗസ്റ്റ് മാസം 22-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## ഏഴാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014) യുടെ ഏഴാമത് റിപ്പോർട്ടിലെ
(കയർ വ്യവസായം സംബന്ധിച്ച പഠനം) ശിപാർശകളിന്മേൽ/
നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച്]

1295/2017.

# ഉള്ളടക്കം

| | |
|---|---|
| | *പേജ്* |
| സമിതിയുടെ ഘടന | v |
| മുഖവുര | vii |
| അദ്ധ്യായം I : റിപ്പോർട്ട് | 1 |
| അദ്ധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എസ്. ശർമ്മ.

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014) യുടെ ഏഴാമത് റിപ്പോർട്ട് (കയർ വ്യവസായം സംബന്ധിച്ച പഠനം) 14-2-2013-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 19 ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിൻമേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2017 ആഗസ്റ്റ് 16-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 22.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)യുടെ ഏഴാമത് റിപ്പോർട്ട് (കയർ വ്യവസായം സംബന്ധിച്ച പഠനം) 14-2-2013-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 19 ശിപാർശകളാണ് ഉണ്ടായിരുന്നത്.

2. ശിപാർശകളിൻമേൽ/നിർദ്ദേശങ്ങളിൻമേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 18-4-2013-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിൻമേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതകുറിപ്പുകൾ 15-1-2014, 16-8-2017 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)യുടെ ഏഴാമത് റിപ്പോർട്ടിലെ മുഴുവൻ ശിപാർശകളിൻമേലും സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു പ്രസ്തുത ശിപാർശകളും ആയതിൻമേൽ സർക്കാർ ലഭ്യമാക്കിയ മറുപടികളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

### ശിപാർശ I

സംസ്ഥാനത്ത് കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പരമ്പരാഗത വ്യവസായമാണ് കയർ. എന്നാൽ കയർ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനവും മറ്റ് ആനുകൂല്യങ്ങളും വളരെ തുച്ഛമാണ്. ആയതിനാൽ കയർ മേഖലയിലെ മിനിമം വേതനം അടിയന്തരമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കേരളത്തിലെ മറ്റ് തൊഴിൽ മേഖലകളിലെ തൊഴിൽ സാദ്ധ്യതയും ഉയർന്ന വേതനഘടനയും മറ്റ് അനുബന്ധ സൗകര്യങ്ങളും കയർ തൊഴിലാളികൾക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കയർ തൊഴിലാളി ക്ഷേമ പദ്ധതികൾക്കുള്ള സഹായം അർഹരായവർക്ക് യഥാസമയം ഉറപ്പു വരുത്തുന്നതിനും യന്ത്രവൽക്കരണംമൂലം തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ആവശ്യമായ പദ്ധതികളും പ്രോജക്ടുകളും രൂപപ്പെടുത്തണമെന്നും മറ്റു മേഖലകളിലേതിനു തുല്യമാക്കി കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർ തൊഴിലാളികൾക്ക് 2-2-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം കുറഞ്ഞ കൂലി 210/- രൂപയായി നിശ്ചയിക്കുകയും കൂലിയുടെ ഒരു ഭാഗം സർക്കാർ ധനസഹായമായി തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് വകുപ്പ് നേരിട്ട് നൽകുകയും ചെയ്യുന്നു. 1-5-2013 മുതൽ പിരി മേഖലയിലെ കൂലി 260 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉൽപ്പന്ന മേഖലയിലെ തൊഴിലാളികളുടെ കൂലി 200-ൽ നിന്ന് 8-8-2011 മുതൽ 285 രൂപയായും 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട വിവിധ ധനസഹായങ്ങൾ ക്ഷേമനിധി ബോർഡ് വഴി അർഹരായവർക്ക് യഥാസമയം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴിയുള്ള പെൻഷൻ നൽകാൻ 2012-13 വർഷം ആദ്യം 10 കോടി രൂപയാണ് വകയിരുത്തിയതെങ്കിലും പിന്നീട് 22 കോടി രൂപ കൂടി വകയിരുത്തി 32 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2013-14 വർഷവും 25 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. 30-6-2013 വരെയുള്ള പെൻഷൻ സർക്കാർ ഗ്രാന്റ് നൽകിത്തന്നെ പൂർണ്ണമായും വിതരണം ചെയ്തു. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണമാണ് നടപ്പിൽ വരുത്തുന്നത്. കൂലിയുടെ ഒരു വിഹിതം സർക്കാർ നൽകി നടപ്പിലാക്കുന്ന ഇൻകം സപ്പോർട്ട് പദ്ധതി പരിഷ്കരിച്ച് തൊണ്ടു സംഭരണ പദ്ധതി ഇവയെല്ലാം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കൂടി ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണ്.

## ശിപാർശ 2

തൊണ്ട് സംഭരണം വ്യാപകവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി പരിചയ സമ്പന്നരായ തൊഴിലാളികളെ നിയോഗിക്കുകയും അവർക്ക് ഇൻസെന്റീവ് ഏർപ്പെടുത്തുകയും ചെയ്യുക; ശേഖരിക്കുന്ന തൊണ്ട് സംഭരിക്കുന്നതിനായി കയർ സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക; ഡീഫൈബറിംഗ് യൂണിറ്റുകൾ വ്യാപകമാക്കുക എന്നിവ വഴി അസംസ്കൃത വസ്തുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തൊണ്ട് പരമാവധി നമ്മുടെ സംസ്ഥാനത്തു നിന്ന് സ്വയം സഹായ ഗ്രൂപ്പുകൾ വഴി സംഭരിക്കുന്നതിനും അവ സംഭരണ സ്ഥലങ്ങളിൽ എത്തിക്കുന്നതിനും സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾക്ക് ഡീഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുന്നതിനും വൈദ്യുതി സബ്സിഡി നൽകുന്നതിനും ആവശ്യക്കാർക്ക് കുറഞ്ഞ നിരക്കിൽ തൊണ്ട്, ചകിരി എന്നിവ ലഭ്യമാക്കുന്നതിനും, ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ തൊണ്ടു സംഭരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിനുമാവശ്യമായ നിയമ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനുമായി കയർ സഹകരണ സംഘങ്ങൾക്കും സ്വയം സഹായ ഗ്രൂപ്പുകൾക്കും, സ്വകാര്യമില്ലുകളുടെ പുനരുദ്ധാരണത്തിനും സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. മാത്രമല്ല 3000-4000 തൊണ്ട് ദിനം പ്രതി സംസ്കരിച്ച് ചകിരിയാക്കാൻ കഴിയുന്ന മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വയം സഹായ ഗ്രൂപ്പുകൾ, സ്വകാര്യ സംരംഭകർ എന്നിവർക്ക് സബ്സിഡി നിരക്കിലും നൽകിവരുന്നു. തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കുകയും പ്രായോഗികതല ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചും കമ്മിറ്റിയുടെ ഘടനയിൽ മാറ്റം വരുത്തിയും കയർ സഹകരണ സംഘങ്ങൾക്ക് അതിനായിത്തന്നെ പ്രത്യേക പ്രവർത്തന മൂലധനം നൽകിയും തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിക്കുന്നതിന് ദിനംപ്രതി 150 രൂപയും പച്ചത്തൊണ്ടിന് 15 പൈസയും , ഉണക്കത്തൊണ്ടിന് 10 പൈസയും പരിഷ്കരിച്ച പദ്ധതി പ്രകാരം ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ ട്രാൻസ്പോർട്ടേഷൻ ചെലവിന്റെ (വാഹന വാടക) 50%-വും സർക്കാർ ഗ്രാന്റായി നൽകുന്നുണ്ട്. തൊണ്ട് സംഭരണ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രപ്പോസൽ കേന്ദ്ര സർക്കാരിൽ നൽകിയെങ്കിലും അത് അംഗീകരിച്ചിട്ടില്ല. ചകിരിയുടെ ക്ഷാമവും ഗുണക്കുറവും കയർ മേഖലയെ പ്രതികൂലമായി ബാധിച്ചിരുന്നത് പരിഹരിക്കാൻ ശക്തമായ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി സബ്സിഡി നൽകണം എന്നതിന് പ്രൊപ്പോസൽ നൽകിയെങ്കിലും അംഗീകരിച്ചിട്ടില്ല

## ശിപാർശ 3

കയർ സാങ്കേതിക വിദ്യാ ഗവേഷണവും വികസനവും കാര്യക്ഷമമാക്കുന്നതിനും ട്രെയിനിംഗ് നൽകുന്നതിനും കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കയർ സംയോജിത ഭൂവസ്ത്ര വികസന പദ്ധതി, കയർപിരിയന്ത്രങ്ങളുടെ ഉപയോഗം എന്നിവ കൂടുതൽ വിപുലമാക്കണമെന്നും കയർ ഭൂവസ്ത്രത്തിന്റെ വ്യാവസായിക പാരിസ്ഥിതിക സാധ്യതകൾ സംബന്ധിച്ച് കൂടുതൽ ഗവേഷണങ്ങൾ നടത്തണമെന്നും വാഹന സാമഗ്രികൾ, ഫ്ലോർടൈൽസ്, പാനൽ റൂഫ്, കരിക്കിന്റെ തൊണ്ടിൽ നിന്ന് പാർട്ടീഷൻ ബോർഡുകൾ, ടൈൽസ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കണമെന്നും കയർ പിത്തുപയോഗിച്ചുള്ള ചവിട്ടി, ചെരിപ്പ്, ചിരട്ട ഉപയോഗിച്ചുള്ള കരകൗശല ഉൽപ്പന്നങ്ങൾ, ട്രേകൾ, ചായങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും മാതൃകാ കയർഗ്രാമം സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കയർ സാങ്കേതിക വിദ്യാ ഗവേഷണവും വികസനവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ റിസർച്ച് സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കരകൗശല വസ്തുക്കൾ നിർമ്മിക്കുവാനുള്ള പരിശീലനം നൽകാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല ഇതുമായി ബന്ധപ്പെട്ടവർക്ക് വിവിധ തരത്തിലുള്ള പരിശീലനവും നൽകുന്നുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി സ്പിന്നിംഗ് മെഷീൻ, വീവിംഗ് മെഷീൻ എന്നിവ നൽകി വരുന്നു. കൂടുതൽ ഉൽപ്പാദന ക്ഷമതയുള്ള സ്പിന്നിംഗ് മെഷീൻ വികസപ്പിച്ചെടുക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കയർഗ്രാമം പദ്ധതി തുടങ്ങാനും നടപടി ആരംഭിച്ചു. കയർ ജീയോ ടെക്സ്റ്റയിൽസുമായി ബന്ധപ്പെട്ടും ഗവേഷണങ്ങൾ നടന്നുവരുന്നു.

<u>ശിപാർശ 4</u>

ആഭ്യന്തര വിപണിയുടെ പ്രോത്സാഹനത്തിനും വിദേശ വിപണികൾ കണ്ടെത്തുന്നതിനും വേണ്ടി കാര്യക്ഷമമായ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നും മാർജിൻ മണി വായ്പാ വിഹിതം വർദ്ധിപ്പിക്കണമെന്നും വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കണമെന്നും ഡീഫൈബറിംഗ് മില്ല് സ്ഥാപിക്കുന്നതിനും, പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-13-ലെ ബഡ്ജറ്റ് റൈറ്റ് അപ്പ്-ൽ കയർ മേഖലയിലെ സംരംഭകർക്കുള്ള മാർജിൻമണി വായ്പ യൂണിറ്റൊന്നിന് പരമാവധി ധനസഹായം 2.50 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ മാർജിൻ മണിക്കായി അപേക്ഷകൾ കുറവാണ്. ആഭ്യന്തര വിദേശ വിപണി ശക്തിപ്പെടുത്താൻ 'ബയർ സെല്ലർ' മീറ്റുകൾ നടത്തുന്നുണ്ട്. വിദേശ ഫെയറുകൾ ഉൾപ്പെടെയുള്ളവയിൽ പങ്കെടുത്തും കയർ കേരള പോലുള്ള എക്സിബിഷനുകൾ നടത്തിയും വിപണി കണ്ടെത്താൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും കയർഫെഡിന്റേയും ഉൾപ്പെടെ വിദേശ വിപണി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗോഡൗണുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാർ കൂടുതൽ സഹായം നൽകുന്നുണ്ട്. കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്കുമാത്രം അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 (31-5-2013) വരെയായി 5.77 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ കയർഫെഡിന്റെ

5 ഗോഡൗണുകൾ നവീകരിക്കാൻ 51.00 ലക്ഷം രൂപയും 2 ഗോഡൗണുകളും ഒരു വർക്ക്ഷെഡും നിർമ്മിക്കുവാനായി 85.50 ലക്ഷം രൂപയും 2012-13 -ൽ നല്കി. പ്രൈസ് ഫ്ളക്ച്വേഷൻ ഫണ്ട് പദ്ധതിയും നടപ്പിലാക്കുന്നു.

## ശിപാർശ 5

കയർമേഖലയിലെ മറ്റു സമാന ഉല്പന്നങ്ങളുമായി മൽസരിക്കുന്നതിനും വിപണി കയ്യടക്കുന്നതിനും ആവശ്യമായ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്നും ഉൽപ്പാദന ചെലവിനനുസൃതമായി വില പുനർനിർണ്ണയത്തിനുള്ള നടപടി സ്വീകരിക്കണമെന്നും പ്രകൃതിദത്ത നാരായ കയറിന്റെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉപഭോഗം പരമാവധി വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണത്തിലൂടെ നടപടി സ്വീകരിക്കണമെന്നും വൈവിദ്ധ്യവൽക്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വിവിധതരം ആധുനിക ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും വേണ്ട ഗവേഷണ അനുബന്ധ നടപടികൾ സ്വീകരിക്കണമെന്നും കയർഫെഡ്, കയർ കോർപ്പറേഷൻ ഇവയുടെ പ്രവർത്തനം വിപുലമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ എന്നീ സ്ഥാപനങ്ങൾക്ക് പ്രോജക്ട് അധിഷ്ഠിത ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ PVC ടഫ്റ്റഡ് യൂണിറ്റും ഫോമിലിന് Chromojet Printer സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു. ഇന്റീരിയർ ഡിസൈനിംഗിന് കയർ ഉൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ആർക്കിടെക്ടുകളുടെ പ്രത്യേക മീറ്റിംഗുകൾ സംഘടിപ്പിച്ചു. മറ്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും നടപടി സ്വീകരിച്ചു.

## ശിപാർശ 6

കയറുൽപ്പന്നങ്ങൾ തീപിടിക്കാൻ സാധ്യതകുറവാണ്. ആയതിനാൽ തീയറ്ററുകൾ, വൻകെട്ടിടങ്ങൾ എന്നിവയിലും സംസ്ഥാനത്തെ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും ഇന്റീരിയർ ഡെക്കറേഷനും മറ്റും പരമാവധി കയറുൽപ്പന്നങ്ങളുപയോഗപ്പെടുത്തി നടപ്പിലാക്കുന്നതിന് നിർബന്ധിത നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മണ്ണൊലിപ്പ് തടയുന്നതിനും ജൈവവൈവിദ്ധ്യം പ്രോൽസാഹിപ്പിക്കുന്നതിനുമായി നദീതീരങ്ങളിൽ ഭൂവസ്ത്രങ്ങളുപയോഗിച്ച് തടയണകൾ നിർമ്മിക്കുന്നത്

വ്യാപകമാക്കണമെന്നും സങ്കരയാണുകൾ ഉപയോഗിച്ചുള്ള ബാഗുകൾ, ചെരിപ്പുകൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി പരമാവധിയാക്കുന്നതിന് ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചാരണ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

നദീതീരങ്ങളിൽ ഭൂവസ്ത്രങ്ങൾ ഉപയോഗിച്ച് തടയണകൾ നിർമ്മിക്കുന്നതിന് കയർ കോർപ്പറേഷൻ, ഫോമിൽ, കയർഫെഡ് എൻ.സി.ആർ.എം.ഐ. എന്നീ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിനായി ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെ 'ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം' എന്ന് പരസ്യപ്രചാരണം നടത്തിവരുന്നു.

## ശിപാർശ 7

നിർമ്മാണ മേഖലയ്ക്കാവശ്യമായ സാമഗ്രികൾ പാർട്ടീഷൻ ബോർഡുകൾ എന്നിവ കയറുൽപ്പന്നങ്ങളുപയോഗിച്ച് വ്യാപകമായി നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കയറധിഷ്ഠിത നിർമ്മാണ സാമഗ്രികളുടെ ഉപയോഗം പരമാവധി പ്രോൽസാഹിപ്പിക്കുന്നതിനായി പി. ഡബ്ല്യൂ. ഡി. മാനുലിൽ നിർമ്മാണ വസ്തുകൾ സംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി കയറുൽപ്പന്നങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പി. ഡബ്ല്യൂ. ഡി. മാനുലിൽ കയർഭൂവസ്ത്രം ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

## ശിപാർശ 8

സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിലുൽപ്പാദിപ്പിക്കുന്ന കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം വ്യത്യസ്തമാണ്. ഓരോ സ്ഥലത്തിന്റെയും പ്രത്യേകതയനുസരിച്ച് മേഖലാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും, ഗുണനിലവാരം നിശ്ചയിച്ച് ബ്രാൻഡിംഗ് ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. സംസ്ഥാനത്ത് കയർ വ്യവസായം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് ചില പ്രത്യേക പ്രദേശങ്ങളിലാണ്. സ്വഭാവികമായും അത്തരം പ്രദേശങ്ങളിൽ സഹകരണ സംഘങ്ങളുടെയും കയർ ഫാക്ടറികളുടെയും കയർ ഉൽപ്പാദന കേന്ദ്രങ്ങളുടെയും അനുബന്ധ വ്യവസായങ്ങളുടെയും എണ്ണം മറ്റ് പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ

കൂടുതലായിരിക്കും. ഇത്തരം മേഖലകളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പുതലത്തിൽ ഉദ്യോഗസ്ഥരെ കൂടുതൽ നിയമിക്കുകയോ ജോലിഭാരം കുറഞ്ഞ മറ്റ് ഭാഗങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലോ നിയമിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വിവിധ സ്ഥലത്തിന്റെ പ്രത്യേകതയനുസരിച്ച് മേഖലാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഗുണനിലവാരം നിശ്ചയിച്ച് ബ്രാൻഡിംഗ് ഏർപ്പെടുത്തുന്നതിനും നിലവിൽ സംവിധാനങ്ങളൊന്നും തന്നെയില്ല. കേരള കയറിനെ മൊത്തത്തിൽ പ്രതിനിധാനം ചെയ്തുകൊണ്ട് " Kerala Coir Golden Yarn of Gods Own Country" എന്ന പേരിൽ ബ്രാൻഡിംഗ് നിലവിലുണ്ട്. ആയതിന് വിപുലമായ പ്രചാരണം നൽകി വരുന്നു. സംസ്ഥാനത്ത് കയർ വ്യവസായം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിൽ സഹകരണ സംഘങ്ങളുടെയും കയർ ഫാക്ടറികളുടെയും കയറുൽപ്പാദന അനുബന്ധ വ്യവസായങ്ങളുടെയും എണ്ണം മറ്റു പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആയിരിക്കും. അങ്ങനെയുള്ള പ്രദേശങ്ങളിൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

## ശിപാർശ 9

തെങ്ങ് കൃഷി മുതൽ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കത്തക്കനിലയിൽ കൃഷി-വ്യവസായ വകുപ്പുകൾ യോജിച്ച് ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിലൂടെ ഒരു സമഗ്ര കയർ വ്യവസായ പുനരുജ്ജീവന പദ്ധതിക്ക് രൂപം നൽകണമെന്നും ശിപാർശ ചെയ്യുന്നു.

## വ്യവസായ വകുപ്പ് സ്വീകരിച്ച നടപടി

നിർദ്ദേശം പരിശോധിച്ചുവരുന്നു. വിഷയത്തിൽ നാളികേര വികസന ബോർഡുമായി ചർച്ച നടത്തിയിട്ടുണ്ട്.

## കൃഷി വകുപ്പ് സ്വീകരിച്ച നടപടി

തെങ്ങ് കൃഷി മുതൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കത്തക്ക നിലയിൽ കൃഷി, വ്യവസായ വകുപ്പുകൾ യോജിച്ച് ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിലൂടെ ഒരു സമഗ്ര കയർ വ്യവസായ പുനരുജ്ജീവന പദ്ധതിക്ക് രൂപം നൽകണമെന്ന വിഷയത്തിൽ നിലവിൽ ആവശ്യമായി വരുന്ന

സന്ദർഭങ്ങളിൽ കൃഷി വകുപ്പും, വ്യവസായ വകുപ്പും മറ്റ് ഇതര വകുപ്പുകളുമായും സഹകരിച്ച് യോജിച്ച പ്രവർത്തനം കാഴ്ച വച്ചു വരുന്നു. ഇനിയും ഇതര വകുപ്പുകൾ ആവശ്യപ്പെടുന്ന പ്രകാരം അവശ്യ സന്ദർഭങ്ങളിൽ യോജിച്ച പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്നതാണ്. തെങ്ങു കൃഷിയോടൊപ്പം കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ വകുപ്പിന്റെ ശിപാർശകൾ തെങ്ങുകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും മുൻഗണന നൽകുന്നതാണ്.

## ശിപാർശ 10

കേരളത്തിന്റെ ടൂറിസം മേഖലകൾ കേന്ദ്രീകരിച്ച് ഷോറൂമുകൾ കൂടുതൽ സ്ഥാപിക്കുന്നതിനും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും കയർ ഫെസ്റ്റുകളും മേളകളും കയർ വകുപ്പും കയർ ബോർഡും സംയുക്തമായി ടൂറിസം സീസണുകളിൽ ട്രാവൽ മാർട്ടുകളുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## വ്യവസായ വകുപ്പ് സ്വീകരിച്ച നടപടി

കയറുൽപ്പന്നങ്ങളുടെ വിപണി വികസിപ്പിക്കുന്നതിനാവശ്യമായ ഷോറൂമുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇനിയും സ്ഥാപിക്കുന്നതിന് നടപടികൾ തുടർന്നുവരികയാണ്. കൂടാതെ കയർ കേരള ഓണക്കാലത്ത് 'ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം' പരസ്യപ്രചാരണം ഇവ സംഘടിപ്പിക്കുന്നുണ്ട്. കയർ മേഖലയിലെ വിവിധ ഘട്ടങ്ങൾ സന്ദർശകർക്ക് പരിചയപ്പെടുത്തി വിനോദ സഞ്ചാരവുമായി ബന്ധപ്പെടുത്തിയിട്ടുള്ള കയർ ഗ്രാമ പദ്ധതിക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

## ടൂറിസം വകുപ്പ് സ്വീകരിച്ച നടപടി

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശയിൽ ആവശ്യപ്പെട്ടിരുന്ന പ്രകാരം പ്രചാരണ പരിപാടികൾ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. കയർവകുപ്പും കയർബോർഡും ചേർന്ന് ടൂറിസം മേഖലകൾ കേന്ദ്രീകരിച്ച് ഷോറൂമുകൾ സ്ഥാപിക്കാവുന്നതാണ്. ആലപ്പുഴയിൽ നടക്കുന്ന കയർ മേളയിൽ എല്ലാ വർഷവും ടൂറിസം വകുപ്പ് പങ്കെടുത്ത് പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ കേരളത്തിനകത്തും പുറത്തും നടക്കുന്ന നിരവധി പ്രധാന ട്രാവൽ മാർട്ടുകളിൽ വകുപ്പ് പങ്കെടുക്കുന്നുണ്ട്.

## ശിപാർശ 11

കയർ തൊഴിലാളികളിൽ ഗുരുതരമായ ശ്വാസകോശ രോഗങ്ങളും മറ്റും വ്യാപിക്കുന്നതിനാൽ ഇവർക്ക് മൂന്ന് മാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധന നടത്തുന്നതിനും സൗജന്യ ചികിൽസാ സൗകര്യങ്ങൾ ഇൻഷുറൻസ് എന്നിവ

ഏർപ്പെടുത്തുന്നതിനും എല്ലാ തൊഴിലാളികളെയും ESI-യുടെ കീഴിൽ കൊണ്ടുവരുന്നതിനും കൂടുതൽ വൃദ്ധ സദനങ്ങളും ബാലഭവനങ്ങളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കമ്മ്യൂണിറ്റി/ പ്രൈമറി ഹെൽത്ത് സെന്ററുകളിലെ coirward കൂടുതൽ സജീവമാക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ക്ഷേമനിധിയിലെ അംഗങ്ങളായ തൊഴിലാളികൾക്ക് ചികിൽസ, അപകടമരണം, ശാരീരിക അവശതയ്ക്ക് നഷ്ടപരിഹാരം തുടങ്ങിയ ഘട്ടങ്ങളിൽ ക്ഷേമനിധി ബോർഡ് വഴി ധനസഹായം നൽകിവരുന്നു. കൂടാതെ മാരകരോഗ ചികിൽസക്ക് പ്രത്യേക ധനസഹായവും നൽകിവരുന്നു. വൃദ്ധരായ കയർ തൊഴിലാളികളുടെ സംരക്ഷണാർത്ഥം വൃദ്ധ സദനവും പ്രവർത്തിച്ചുവരുന്നു.

## ശിപാർശ 12

സംസ്ഥാനത്തെ കയർ മേഖലയിൽ തൊഴിലെടുക്കുന്ന അസംഘടിത തൊഴിലാളികളുടെ സമഗ്രമായ ഒരു Data Bank രൂപപ്പെടുത്തുന്നതിനും, ഇത്തരത്തിലുള്ള കയർ തൊഴിലാളികൾക്ക് സംസ്ഥാനത്തെ സംഘടിത മേഖലയിലെ കയർ തൊഴിലാളികൾക്ക് ലഭ്യമാകുന്ന എല്ലാ വിധ ആനുകൂല്യങ്ങളും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കയർ മേഖലയിലെ തൊഴിലാളികൾ പ്രധാനമായും സഹകരണമേഖലയിലും സ്വകാര്യമേഖലയിലുമാണ് തൊഴിൽ ചെയ്യുന്നത്. സഹകരണ മേഖലയിലെ തൊഴിലാളികൾക്ക് കയർ സഹകരണ സംഘങ്ങൾ മുഖാന്തരം തൊഴിലും വേതനവും സർക്കാരിന്റെ മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ട്. എന്നാൽ ഇപ്പോൾ കയർ പിരിമേഖലയിൽ സ്വകാര്യ സംരംഭങ്ങൾ കയർ വികസന വകുപ്പുമായി രജിസ്റ്റർ ചെയ്യുന്നതിനും പ്രസ്തുത യൂണിറ്റുകളിലെ തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി അനുസരിച്ച് സർക്കാർ ധനസഹായം കൂടി ലഭ്യമാക്കി വേതനം ലഭ്യമാക്കുന്നതിനും അർഹതയുണ്ട്. ഇങ്ങനെ കയർ പ്രൊജക്റ്റ് ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ തൊഴിലാളികളുടെ ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കാൻ കഴിയുന്നതാണ്.

## ശിപാർശ 13

കയർ തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 5000 രൂപയായും വിദ്യാഭ്യാസ ധനസഹായം നോൺ പ്രഫഷണൽ കോഴ്സകൾക്ക് പ്രതിവർഷം 2000 രൂപയായും പ്രൊഫഷണൽ കോഴ്സകൾക്ക് 5000/- രൂപയായും ഉയർത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കയർ തൊഴിലാളി ക്ഷേമനിധി നിയമം വകുപ്പ് 3(4) (ജി) (iii) പ്രകാരം നിധിയിൽ അംഗങ്ങളായിട്ടുള്ള കയർ തൊഴിലാളികളുടെ മക്കൾക്ക് മെട്രിക്കുലേഷനുശേഷം വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്/സ്റ്റൈപ്പന്റ് നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുപ്രകാരം വിദ്യാഭ്യാസ ധനസഹായം നോൺ പ്രഫഷണൽ കോഴ്സകൾക്ക് പ്രതിവർഷം 750/- രൂപയും പ്രൊഫഷണൽ കോഴ്സകൾക്ക് പ്രതിവർഷം 3000/- രൂപയുമാണ്. കൂടാതെ കയർ തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായവുമായി നിലവിൽ 2000/- രൂപയും നൽകിവരുന്നു. പ്രസ്തുത ധനസഹായങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ക്ഷേമനിധി ബോർഡിന് എഴുതിയിട്ടുണ്ട്.

## ശിപാർശ 14

നാച്ചറൽ ഫൈബർ സംബന്ധിച്ച കേന്ദ്ര ഗവൺമെന്റ് പോളിസിയിൽ കയറിന് ഫണ്ട് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സെസ്സ് കളക്ഷൻ സംബന്ധിച്ച നടപടികൾ കാര്യക്ഷമമാക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കേരള കയർ തൊഴിലാളി ക്ഷേമനിധി സെസ്സ് നിയമം നിലവിൽ വന്നു. ഇതനുസരിച്ച് കയർ, കയറുൽപ്പന്ന കയറ്റുമതിക്കാർ, ഡീലർമാർ എന്നിവരിൽ നിന്നും സെസ്സ് സമാഹരിച്ച് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സെസ്സ് നിയമത്തിലെ വകുപ്പ് 3(1) മുതൽ 3(5) വരെയുള്ള നിയമസാധുതയെ ചോദ്യം ചെയ്ത് വിവിധ കയർ, കയറുൽപ്പന്ന കയറ്റുമതിക്കാർ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. ഇവരിൽ നിന്ന് സെസ്സ് സമാഹരിക്കുന്നത് തൽക്കാലം നിർത്തിവയ്ക്കാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

<u>ശിപാർശ 15</u>

ചെറുകിട ഉൽപ്പാദകരെ സഹായിക്കുന്നതിനായി കുറഞ്ഞ പലിശനിരക്കിൽ വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഈ വിഭാഗക്കാരെ കയർ മേഖലയിൽ പിടിച്ചുനിർത്തുന്നതിനായി അനുഭാവപൂർവ്വമായ നയങ്ങൾ രൂപീകരിക്കുന്നതിനും ആകർഷകമായ വ്യവസ്ഥകളിലൂടെ ചെറുകിട ഉൽപ്പാദകർക്ക് സഹായങ്ങൾ നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ചെറുകിട ഉൽപ്പാദകസംഘങ്ങൾക്ക് പി. പി. എസ്. എസ്. പദ്ധതി പ്രകാരം ഇൻസെന്റീവ് നൽകി വരുന്നു. കുറഞ്ഞ പലിശ നിരക്ക് വായ്പ അനുവദിക്കുന്നതിനായി ബാങ്കുകളുമായി ചർച്ച ചെയ്ത് പരിശോധിക്കുന്നതാണ്.

<u>ശിപാർശ 16</u>

കയർ സഹകരണ സംഘങ്ങൾ, ഉൽപ്പാദകർ എന്നിവരിൽ നിന്നും ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണിയിലെത്തിക്കുന്നതിനും ഉൽപ്പാദകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും കയർഫെഡ് ഊർജ്ജിത നടപടികൾ സ്വീകരിക്കണമെന്നും ആഭ്യന്തര-വിദേശ വിപണികളിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കയർഫെഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കയർ ഉൽപ്പന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വില സ്ഥിരതക്കുവേണ്ടി വില വ്യതിയാനം പരിഹരിക്കുന്നതിനും ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും കയർഫെഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. 2012-2013-ൽ കയർഫെഡ് 69842 ക്വിന്റൽ കയർ സംഭരിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളേക്കാൾ വളരെ കൂടുതലാണ്. സർക്കാർ കയർഫെഡിന് പ്രവർത്തനമൂലധനവും മറ്റ് ധനസഹായവും നൽകുന്നുണ്ട്.

2012 -2013 സാമ്പത്തിക വർഷത്തിൽ കയർഫെഡിന് വർക്കിംഗ് ക്യാപ്പിറ്റൽ ആയി മാത്രം 5 കോടി രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

ശിപാർശ 17 (ഖണ്ഡിക 22)

സ്വകാര്യ ഉല്പാദകരും സഹകരണ സംഘങ്ങളും അംഗങ്ങളായ തൊണ്ട് സംഘങ്ങൾ രൂപീകരിക്കുകയും കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ, ചകിരി സംസ്കരണ യൂണിറ്റുകൾ എന്നിവർ ചേർന്ന് കൺസോർഷ്യത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുമാണ്. തൊണ്ട് സംഭരണത്തിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സർക്കാർ തലത്തിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും നാളികേര തൊണ്ട് സംഭരണം ഫലപ്രദമാക്കുന്നതിനും 16-1-2015-ലെ സ.ഉ.(കൈ)നമ്പർ 116/2015/വ്യ.വ. പ്രകാരം നാളികേര തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം തൊണ്ട് സംഭരിച്ച് ആവശ്യാനുസരണം ചകിരി ഉത്പാദിപ്പിക്കുന്ന സ്ഥാപനത്തിൽ എത്തിക്കുന്നവർക്ക് പച്ചത്തൊണ്ടിന് 25 പൈസ നിരക്കിലും ഉണക്കത്തൊണ്ടിന് 15 പൈസ നിരക്കിലും ഇൻസെന്റീവ് നൽകുന്നതാണ്. തൊണ്ട് സംഭരിച്ച് ചകിരിയടക്കം കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുമ്പോൾ പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരിക്കും ഉണക്കത്തൊണ്ടിൽ നിന്നുള്ള ചകിരിയ്ക്കും കിലോക്ക് 2 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതാണ്. കൂടാതെ കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരണത്തിനായി 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കാവുന്ന രീതിയിൽ പ്രവർത്തന മൂലധനം നൽകുന്നതാണ്. വലിയ മെഷീൻ ഉപയോഗിക്കുന്ന കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് പ്രതിവർഷം 50,000 രൂപയും ചെറിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് ഒരു മെഷീന് പരമാവധി 10,000 രൂപ എന്ന കണക്കിലും വർഷം തോറും യഥാർത്ഥ റിപ്പയർ കണക്കാക്കി മെയിന്റനൻസ് ഗ്രാന്റ് റീ ഇംബേഴ്സ്മെന്റായി നൽകുന്നു. കുടുംബശ്രീ യൂണിറ്റ് വഴി തൊണ്ട് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ശിപാർശ 18 (ഖണ്ഡിക 27)

തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനായി രൂപീകരിച്ച സ്ഥാപനമാണ് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്. നിലവിൽ ഏകദേശം അറുപതിനായിരത്തോളം പേർക്ക് പെൻഷൻ നൽകിവരുന്നു. കൂടാതെ തൊഴിലാളികളുടെ

മക്കൾക്ക് വിവാഹ ധനസഹായം, നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് ധനസഹായം എന്നിവ നൽകുന്നു. അംഗങ്ങളിൽ നിന്നും കോൺട്രിബ്യൂഷൻ 5 രൂപയാണ്. ഇതുവഴി ഒന്നരക്കോടി രൂപ ബോർഡിന് ലഭിക്കുന്നുണ്ട്. ഉൽപ്പാദകരിൽ നിന്നും കോൺട്രിബ്യൂഷൻ യഥാവിധി പിരിച്ചെടുക്കാൻ കഴിയുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലകൾ തോറുമുള്ള അർഹരായ തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തി അവർക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും പിരിച്ചെടുക്കേണ്ട തുക യഥാസമയം പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സംഘങ്ങളും തൊഴിലാളികളും ക്ഷേമവിഹിതം അടക്കുന്നത് ഉറപ്പാക്കുന്നതിനായി പ്രോജക്ട് ഓഫീസിൽ നിന്നും സംഘങ്ങൾക്കുള്ള ധനസഹായങ്ങളും ഗ്രാന്റും, പ്രത്യേക പദ്ധതി പ്രകാരമുള്ള ധനസഹായങ്ങളും നൽകുമ്പോൾ ക്ഷേമനിധിബോർഡിൽ തനത് വർഷത്തെ ഉടമാവിഹിതം അടച്ച് രസീതുകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കയർഫെഡ്, കയർകോർപ്പറേഷൻ, ഫോമിൽ എന്നീ സ്ഥാപനങ്ങൾ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കയറും കയർ ഉൽപ്പന്നങ്ങളും വാങ്ങുമ്പോഴും വർക്ക് ഓർഡർ നൽകുമ്പോഴും കയർ തൊഴിലാളി വിഹിതം ബോർഡിൽ അടച്ച് രസീത് ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ കയർ തൊഴിലാളി ക്ഷേമനിധി വിഹിത കുടിശ്ശിക ഒറ്റത്തവണയായി 2017 ഏപ്രിൽ 30-ന് മുൻപ് അടയ്ക്കുന്ന സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും കുടിശ്ശിക വിഹിതത്തിൻമേലുള്ള പിഴപ്പലിശ ഒഴിവാക്കി നൽകുന്നതിന് സ.ഉ.(സാധാ) നമ്പർ 593/2017/വ്യ.വ. തീയതി 3-4-2017 പ്രകാരം ഉത്തരവായിട്ടുണ്ട്.

## ശിപാർശ 19 (ഖണ്ഡിക 29)

കയർ മേഖലയുടെ ഉന്നമനത്തിനായി കയർ ബോർഡും സംസ്ഥാനവും ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു

<u>കയർ തൊഴിലാളികൾക്കുള്ള ധനസഹായം:</u> വിവാഹ ധനസഹായം 2000 രൂപ, പ്രസവാനുകൂല്യം 1000 രൂപ, ചികിത്സാ സഹായം 1000 രൂപ, സ്ഥിരസ്വാധീനം 2500 രൂപ, താത്കാലിക സ്വാധീനം 600 രൂപ, അപകട മരണം 10,000 രൂപ, ശവസംസ്കാരം 1000 രൂപ.

<u>വിദ്യാഭ്യാസ ധനസഹായം:</u>

(എ) +2, ഡിഗ്രി 750 രൂപ പ്രതിവർഷം.

(ബി) പ്രൊഫഷണൽ കോഴ്സ് - 3000 രൂപ പ്രതിവർഷം

<u>പെൻഷൻ :</u> 400 രൂപ

കയർ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വളരെ കുറവാണെന്ന് സമിതി നിരീക്ഷിച്ചു. മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ആനുപാതികമായി വർദ്ധിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ.ഉ.(കൈ) നമ്പർ 54/2017/വ്യ.വ. തീയതി 27-6-2017 പ്രകാരം വനിതാ കയർ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം 15,000/- രൂപയായും സ. ഉ. (പി) നമ്പർ 21/2016/വ്യ.വ. തീയതി 1-9-2016 പ്രകാരം കയർ തൊഴിലാളി ക്ഷേമപെൻഷൻ 1000 രൂപയായും ഉയർത്തി ഉത്തരവായിട്ടുണ്ട്. മറ്റാനുകൂല്യങ്ങൾ കാലോചിതമായി ഉയർത്തുന്നതിന് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതിമെച്ചപ്പെടേണ്ടതുണ്ട്.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017, ആഗസ്റ്റ് 22 .

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.